compose.kerala.gov.in
egazette.kerala.gov.in
printing.kerala.gov.in

Regn.No. KERBIL/2012/45073
dated 2012-09-05 with RNI
Reg No.KL/TV(N)/634/2021-2023

കേരള സർക്കാർ
GOVERNMENT OF KERALA

# കേരള ഗസറ്റ്
# KERALA GAZETTE

ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്
PUBLISHED BY AUTHORITY

ചൊവ്വ, 2022 ഫെബ്രുവരി 01
**Tuesday, 01th February 2022**

1197 മകരം 18
**18th Makaram 1197**

1943 മാഘം 12
**12th Magha 1943**

വാല്യം 11
**Vol. XI**

നമ്പർ / **No.** 5

## Part III

# Police Department

©
കേരള സർക്കാർ
GOVERNMENT OF KERALA
2022

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

<u>കാരണം കാണിക്കൽ നോട്ടീസ്</u>

നമ്പർ എച്ച്2-22/PR/2020/K. 2021 ജൂൺ 8.

വിഷയം:—അച്ചടക്ക നടപടി—ശ്രീ. സജി മാത്യു (PEN :169444) CPO K 6325-ന് എതിരെയുള്ളത്—വാച്യാന്വേഷണം തീർപ്പ് കല്പിക്കുന്നതിലേക്ക് കാരണം കാണിക്കൽ നോട്ടീസ് നൽകുന്നത് സംബന്ധിച്ച്:—

സൂചന:—(1) 3-8-2020 -ാം തീയതിയിലെ No. DHQ/237720/AC/K നമ്പരായി അസിസ്റ്റന്റ് കമാണ്ടന്റ് കോട്ടയത്തിന്റെ റിപ്പോർട്ട്.

(2) ഈ ഓഫീസിലെ A5(a) 43697/2020 നമ്പർ ഫയൽ.

(3) G. O. (Rt.) No. 260/2005/Home dated 28-1-2005.

(4) G. O. (Rt.) No. 1389/2010/Home dated 20-4-2010.

(5) Order No. E6-45285/2015/PHQ dated 21-4-2015.

(6) 27-10-2020-ാം തീയതിയിലെ H2-44914/2020/K നമ്പർ ഉത്തരവ്.

(7) 26-4-2021-ാം തീയതി 218/PR-1/2020/PKNM നമ്പരായി പോലീസ് ഇൻസ്പെക്ടർ പൊൻകുന്നം സമർപ്പിച്ച പി. ആർ. മിനിട്സും അനുബന്ധരേഖകളും.

ശ്രീ. സജി മാത്യു, CPO K 6325 എന്ന നിങ്ങൾ കോട്ടയം ഡി എച്ച് ക്യു-വിൽ പ്രവർത്തിയെടുത്ത് വരവേ, സമർപ്പിച്ചിരുന്ന അപേക്ഷ പ്രകാരം നിങ്ങൾക്ക് വിദേശത്ത് ജോലി നോക്കുന്നതിനുവേണ്ടി സൂചന (3) ഉത്തരവ് പ്രകാരം 5 വർഷത്തെ ശൂന്യവേതനാവധി അനുവദിച്ചിരുന്നതും നിങ്ങൾ 23-3-2005-ാം തീയതി മുതൽ ടി അവധിയിൽ പ്രവേശിച്ചിരുന്നതുമാണെന്നും തുടർന്ന് നിങ്ങൾ സമർപ്പിച്ചിരുന്ന അപേക്ഷയുടെ അടിസ്ഥാനത്തിൽ സൂചന (4) ഉത്തരവ് പ്രകാരം ടി അവധി 5 വർഷത്തേക്ക് കൂടി നീട്ടി അനുവദിച്ചിട്ടുള്ളതും ആണെന്നും പിന്നീട് നിങ്ങൾ വീണ്ടും സമർപ്പിച്ചിരുന്ന അപേക്ഷയുടെ അടിസ്ഥാനത്തിൽ സൂചന (5) ഉത്തരവ് പ്രകാരം ടി അവധി 5 വർഷത്തേക്ക് ഒരിക്കൽ കൂടി നീട്ടി അനുവദിച്ചിട്ടുള്ളതുമാണെന്നും ഇപ്രകാരം അനുവദിച്ചിരുന്ന ശൂന്യവേതനാവധിക്കുശേഷം 23-3-2020-ാം തീയതി നിങ്ങൾ സേവനത്തിൽ തിരികെ ഹാജരാകേണ്ടതായിരുന്നുവെന്നും എന്നാൽ നിങ്ങൾ നാളിതുവരെ സേവനത്തിൽ ഹാജരാകാതെ അനധികൃതമായി സേവനത്തിൽ നിന്നും വിട്ടു നിൽക്കുകയാണ് എന്നും മറ്റും സൂചന ഫയലിലും മറ്റു അനുബന്ധ രേഖകളിലും പരാമർശിച്ചിരിക്കുന്നു.

സൂചന ഫയലും അനുബന്ധരേഖകളും ഞാൻ സസൂക്ഷ്മം പരിശോധിച്ചിരുന്നു. അച്ചടക്കം പരമപ്രധാനമായ പോലീസ് സേനയിലെ ഉത്തരവാദപ്പെട്ട ഒരു പോലീസ് ഉദ്യോസ്ഥനായ CPO 6325 ശ്രീ. സജി മാത്യുവിന്റെ മേപ്പടി പ്രവർത്തി അതീവ ഗുരുതരമായ അച്ചടക്കലംഘനവും പെരുമാറ്റദൂഷ്യവുമാണെന്നും നിങ്ങൾ മേലധികാരികളുടെ ഉത്തരവിനെ തീർത്തും അവഗണിച്ചിട്ടുള്ളതു മാണെന്നും എനിക്ക് പ്രഥമദൃഷ്ട്യാ ബോധ്യപ്പെട്ടിരുന്ന സാഹചര്യത്തിൽ 1958-ലെ കേരളാ പോലീസ് വകുപ്പ് അന്വേഷണവിചാരണയും ശിക്ഷയും അപ്പീലും സംബന്ധിച്ച നിയമത്തിലെ ആറാം വകുപ്പ് പ്രകാരം നിങ്ങൾക്കെതിരായ മേൽപ്പടി ആരോപണങ്ങളിന്മേൽ വിശദമായ ഒരു വാച്യാന്വേഷണം നടത്തി ശിക്ഷാനടപടി കുറിപ്പുകൾ സമർപ്പിക്കുന്നതിന് ടി നിയമത്തിലെ 8 (i) (iii) വകുപ്പ് അനുസരിച്ച് പൊൻകുന്നം ഇൻസ്പെക്ടർ എസ്. എച്ച്. ഓ-യെ ചുമതലപ്പെടുത്തിക്കൊണ്ട് സൂചന (6) പ്രകാരം ഉത്തരവായിരുന്നു.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

അന്വേഷണം പൂർത്തീകരിച്ച് അന്വേഷണ ഉദ്യോഗസ്ഥൻ സൂചന (7) പ്രകാരം പി. ആർ. മിനിട്സ് സമർപ്പിച്ചിട്ടുള്ളതാണ്. ആയത് ഞാൻ വിശദമായി പരിശോധിച്ചു. നിങ്ങൾക്ക് എതിരെയുള്ള ആരോപണം തെളിവിൽ വരുന്നുവെന്ന് അന്വേഷണ ഉദ്യോഗസ്ഥൻ പി. ആർ. മിനിട്സിൽ നിഗമനം ചെയ്തിരിക്കുന്നു. അന്വേഷണ ഉദ്യോഗസ്ഥന്റെ നിഗമനത്തോട് ഞാൻ പൂർണ്ണമായും യോജിക്കുന്നു. നിങ്ങൾക്കെതിരെ തെളിവിൽ വന്നിട്ടുള്ള കുറ്റത്തിന് ശിക്ഷയായി 23-3-2020-ാം തീയതി മുതൽ നിങ്ങളെ സർവീസിൽനിന്നും നീക്കം ചെയ്യുന്നതിന് (Removal from service) ഞാൻ സോപാധികമായി തീരുമാനിക്കുന്നു. എന്റെ സോപാധിക തീരുമാനം സ്ഥിരപ്പെടുത്താതെയിരിക്കുവാൻ മതിയായ കാരണങ്ങൾ എന്തെങ്കിലും നിങ്ങൾക്ക് ബോധിപ്പിക്കുവാനുണ്ടെങ്കിൽ ആയത് ഈ നോട്ടീസ് കൈപ്പറ്റി 15 ദിവസത്തിനുള്ളിൽ രേഖാമൂലം ഈ ഓഫീസിൽ സമർപ്പിക്കേണ്ടതാണ്. നിശ്ചിത സമയ പരിധിയ്ക്കുള്ളിൽ നിങ്ങളിൽ നിന്നും സമാധാനം ലഭിക്കാത്ത പക്ഷം മേപ്പടി തീരുമാനത്തിൽ നിങ്ങൾക്ക് ആക്ഷേപം ഒന്നും തന്നെയില്ല എന്ന നിഗമനത്തിൽ ആയത് സ്ഥിരപ്പെടുത്തി ഉത്തരവാകുന്നതായിരിക്കും.

ജില്ലാ പോലീസ് ആഫീസറുടെ
കാര്യാലയം,
കോട്ടയം.

ശില്പാ ദ്യാവയ്യ ഐ. പി. എസ്,
ജില്ലാ പോലീസ് മേധാവി.



This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

ലേല പരസ്യം

നമ്പർ ഇ2-33457/2021/W. 2022 ജനുവരി 17.

വയനാട് ജില്ലാ സായുധസേനാ ക്യാമ്പിൽ സൂക്ഷിച്ചിട്ടുള്ളതും 1-4-2020 മുതൽ 31-3-2021 വരെയുള്ള കാലയളവിൽ പോലീസ് ഡിപ്പാർട്ട്മെന്റ് വാഹനങ്ങളിൽ നിന്നും മാറ്റിയതും, ഉപയോഗ യോഗ്യമല്ലാത്തതുമായ താഴെ വിവരിക്കുന്ന വസ്തുക്കൾ M/S MSTC, Ltd.-ന്റെ ഓൺലൈൻ വെബ്സൈറ്റ് ആയ www.mstcecommerce.com മുഖേന 9-2-2022 തീയതി 11 മണി മുതൽ 4.30 മണി വരെയുള്ള സമയത്ത് ഓൺലൈൻ വഴി ലേലം ചെയ്യുന്നതിന് (e-auction) തീരുമാനിച്ചിരിക്കുന്നു. ലേലത്തിൽ പങ്കെടുക്കുവാൻ താൽപ്പര്യമുള്ളവർ പ്രസ്തുത ഓൺലൈൻ വെബ്സൈറ്റിൽ M/S MSTC, Ltd.-ന്റെ നിബന്ധനകൾക്ക് വിധേയമായി BUYER ആയി പേര് രജിസ്റ്റർ ചെയ്ത് ലേലത്തിൽ പങ്കെടുക്കേണ്ടതാണ്.

| *Sl. No.* | *Items* | *Nos.* | *GST* |
|---|---|---|---|
| 1 | Spare Parts Items | 55 Nos. | |
| 2 | Waste Oil | 705 Ltrs. | |
| 3 | Tyre in size 205×65 R15/16 | 26 Nos. | |
| 4 | Tyre in size 215×75 R15/16 | 57 Nos. | |
| 5 | Tyre in size 245×70 R16/16 | 4 Nos. | |
| 6 | Tyre in size 185 R14 | 2 Nos. | 18% |
| 7 | Tyre in size 9.00/20 | 3 Nos. | |
| 8 | Tyre in size 10.00/20 | 2 Nos. | |
| 9 | Tyre in size 3.00×18 | 3 Nos. | |
| 10 | Tyre in size 2.75×18 | 1 No. | |
| 11 | Tyre in size 90/90/12 | 1 No. | |

ലേലത്തിൽ പങ്കെടുക്കുന്നവർക്ക് 8-2-2022-ാം തീയതി വരെ വയനാട് ജില്ല സായുധസേന ക്യാമ്പിൽ സൂക്ഷിച്ചിട്ടുള്ള മേൽ സാധനങ്ങൾ വയനാട് ജില്ലാ സായുധസേന വിഭാഗം അസി. കമാണ്ടന്റിന്റെ മുൻകൂർ അനുമതിയോടുകൂടി പരിശോധിക്കാവുന്നതാണ്. യാതൊരു കാരണവും കൂടാതെ ലേല നടപടികൾ മാറ്റി വയ്ക്കുവാനോ പുനർ ലേലം ചെയ്യുന്നതിനോ ഉള്ള പൂർണ്ണ അധികാരം വയനാട് ജില്ലാ പോലീസ് മേധാവിക്ക് ഉണ്ടായിരിക്കുന്നതാണ്.

ജില്ലാ പോലീസ് ഓഫീസ്,
വയനാട്.

ഡോ. അരവിന്ദ് സുകുമാർ ഐ.പി.എസ്.,
ജില്ലാ പോലീസ് മേധാവി.

PUBLISHED BY THE SUPERINTENDENT OF GOVERNMENT PRESSES
AT THE GOVERNMENT CENTRAL PRESS, THIRUVANANTHAPURAM, 2022

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

Digitally signed by Salim A
Date:2022.02.01 05:06:56 +05:30